# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

# ജ്ഞാനദീപം

## സെന്റ് ആൻസ് ജി എച്ച് എസ് ചെങ്ങന്നൂർ

# സന്ദേശം

വിജ്ഞാനത്തിന്റെ
വെളിച്ചം
നിറയ്ക്കാൻ,
വിദ്യാലയമെന്നൊരു
കൂടാരം. ഓരോ
വിഷയവും
ഓരോ ദീപം,
അറിവിന്റെ ലോകം
പ്രകാശിക്കുന്നു.
ഗണിതം, ശാസ്ത്രം,
ഭാഷകൾ,
കമ്പ്യൂട്ടറിന്റെ
പുതിയ ലോകങ്ങൾ.
കളിച്ചും ചിരിച്ചും
പാഠങ്ങൾ പഠിക്കാം,
കലയും കായികവും
ഒപ്പം വളർത്താം.
പുതിയ
ലോകത്തെ
നേരിടാൻ, നമ്മെ
നമ്മളാക്കി
മാറ്റാൻ.
സ്വാതന്ത്ര്യത്തിന്റെ
ചിറകുകൾ
നൽകുന്നു,
ജ്ഞാനദീപം എന്ന
ഈ അക്കാദമിക
മാസ്റ്റർ പ്ലാൻ.

ആശംസകളോടെ

ഹെഡ്മിസ്ട്രസ്

# അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | - | സെന്റ് ആൻസ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, ചെങ്ങന്നൂർ |
| | വിലാസം | - | പുത്തൻകാവ് പി.ഒ, ചെങ്ങന്നൂർ 689123 |
| | ഫോൺ | - | 0479 - 2450823 |
| 2. | സ്കൂൾ കോഡ് | - | 36007 (എച്ച്.എസ്.) |
| 3. | വിദ്യാഭ്യാസ ഉപജില്ല | - | ചെങ്ങന്നൂർ |
| 4. | വിദ്യാഭ്യാസ ജില്ല | - | മാവേലിക്കര |
| 5. | ബി.ആർ.സി | - | ചെങ്ങന്നൂർ |
| 6. | സി.ആർ.സി | - | ആലപ്പുഴ |
| 7. | മുൻസിപ്പാലിറ്റി | - | ചെങ്ങന്നൂർ |
| 8. | ബ്ലോക്ക് പഞ്ചായത്ത് | - | ചെങ്ങന്നൂർ |
| 9. | ജില്ലാപഞ്ചായത്ത് | - | ആലപ്പുഴ |
| 10. | നിയമസഭാമണ്ഡലം | - | ചെങ്ങന്നൂർ |
| 11. | ലോകസഭാമണ്ഡലം | - | മാവേലിക്കര |
| 12. | താലൂക്ക് | - | ചെങ്ങന്നൂർ |
| 13. | ഇ.മെയിൽ | - | stannesghschengannur@gmail.com |
| | സ്കൂൾവിക്കി | - | Allappuzha (Revenue district, Mavelikara Edl.District) st,annesghs chengannur |

# വിദ്യാലയത്തിന്റെ ലഘു ചരിത്രം

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ നഗരത്തിൻറെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് സെൻറ് ആൻസ് ഗേൾസ് ഹൈസ്കൂൾ . 1945ൽ വിശുദ്ധ അന്നാമ്മയുടെ നാമത്തിൽ സ്ത്രീ വിദ്യാഭ്യാസത്തിൻറെ ഉന്നമനം ലക്ഷ്യമാക്കി ആർഷഭാരതത്തിന്റെ അഭിമാന സ്തംഭവും വിദ്യാഭ്യാസ വിച ക്ഷണനും ആദർശ സമ്പന്നനും യോഗീ ശ്വരനും ആയിരുന്ന അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി സ്ഥാപിച്ചതാണീ സ്കൂൾ . ഈ വിദ്യാലയം ചെങ്ങന്നൂരിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.
ഖ്യാതിയിലും ഗാംഭീര്യത്തിലും ഏറെ മുന്നിൽ നിൽക്കുന്ന അങ്ങാടിക്കൽ ഗ്രാമത്തിൻറെ തിരുനെറ്റിയിൽ തിലകക്കുറി ചാർത്തി പഴമയുടെ മഹത്വവും അത്യാധുനികതയുടെ ഗാംഭീര്യവും പേറി പ്രഭാപൂരിതയായി നിൽക്കുന്ന സെൻറ് ആൻസ് ഗേൾസ് ഹൈസ്കൂളിൻറെ 80 മത് വാർഷികം 2024 ൽ ആഘോഷിച്ചു.

# അക്കാദമിക നേട്ടങ്ങൾ

മഹത്തായ ആദർശങ്ങളെ ഉൾക്കൊണ്ടുള്ള ഒരു പ്രയാണമാണ് സെന്റ് ആൻസിന്റെ പുരോഗതിയുടെ ആണിക്കല്ല്. ആസൂത്രിതമായ കർമ്മ പരിപാടിയുടെ ഫലപ്രദമായ ആവിഷ്കരണം ആണ് ഈ വിദ്യാലയത്തിന്റെ വിജയ രഹസ്യം. പാഠ്യ പദ്ധതികളോടൊപ്പം പാഠ്യേതര വിഷയങ്ങൾക്കും ഊന്നൽ കൊടുത്തുകൊണ്ടുള്ള പഠന രീതി നവീന ലക്ഷ്യങ്ങൾ ഫലപ്രാപ്തി എത്തിക്കുന്നതിന് ഉതകുന്നതാണ്. കലാകായിക രംഗത്തുള്ള വിദഗ്ധ പരിശീലനം, ബാൻഡ്, സയൻസ് ക്ലബ്, കമ്പ്യൂട്ടർ പഠനം, കരിയർ പ്രോഗ്രാം, വർക്ക് എക്സ്പീരിയൻസ് പ്രോഗ്രാം, ഗണിതശാസ്ത്ര ക്ലബ്, ഗൈഡിങ്, ഹെൽത്ത് ക്ലബ്, ഊർജ്ജക്ലബ്, പരിസ്ഥിതി ക്ലബ്, ലിറ്റിൽ കൈറ്റ്സ് മുതലായവ യിലുള്ള വിദ്യാർത്ഥി വിഭാഗങ്ങളുടെ അംഗത്വവും പ്രവർത്തനവും സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരുന്നു.മോറൽ സയൻസ്,കെ സി എസ് എൽ,റെഡ് ക്രോസ്, ലഹരി വിരുദ്ധ ക്ലബ്, നല്ല പാഠം എന്നിവയിലെ സജീവ പങ്കാളിത്തം ഗാർഡനിംഗ്, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങിയ അനവധി പരിപാടികളിൽ മുഴുകി വിദ്യാർഥികൾ തങ്ങളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നു. ഇതിന്റെ സത്ഫലമായി സ്കൂൾ അനുദിനം അഭിവൃദ്ധി പ്രാപിച്ചു കൊണ്ടിരിക്കുന്നു. മിക്ക വർഷങ്ങളിലും 100% വിജയം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട് എന്നത് അഭിമാനപൂർവ്വം സ്മരിക്കുന്നു. ഒന്നാം റാങ്ക് ഉൾപ്പെടെയുള്ള നിരവധി റാങ്കുകൾ നേടിയെടുത്തുകൊണ്ട് കേരളത്തിലെ ഉന്നത നിലവാരം പുലർത്തുന്ന സ്കൂളുകളുടെ ശ്രേണിയിലേക്ക് ഉയർന്നുവന്നു എന്നത് സെന്റ് ആൻസ് സ്കൂളിന്റെ യശസ്സ് ഉയർത്തുന്ന ചരിത്ര സത്യങ്ങളാണ്.

കഴിഞ്ഞ വർഷങ്ങളിൽ കലാകായിക ശാസ്ത്ര പ്രവർത്തിപരിചയമേളകളിലും റോബോട്ടിക്സ് പോലെയുള്ള വിവരസാങ്കേതികവിദ്യ മേഖലകളിലും ഈ സ്കൂളിലെ വിദ്യാർഥികൾ തനത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.സംസ്ഥാനതലത്തിൽ ബാസ്കറ്റ് ബോൾ, സി വി രാമൻ ഉപന്യാസം എന്നീ മത്സര ഇനങ്ങളിൽ ഈ സ്കൂളിലെ വിദ്യാർത്ഥികൾ മികച്ച വിജയം കൈവരിച്ചു.

# പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പ് വരുത്തി ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾക്ക് എ പ്ലസ് നേടാൻ സാധിക്കുന്നുവെങ്കിലും യുപി ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലേക്ക് ഉയർന്നില്ല എന്നത് ഒരു പോരായ്മയാണ് .കമ്പ്യൂട്ടർ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ കമ്പ്യൂട്ടറുകളുടെ ലഭ്യത ഉറപ്പുവരുത്തുക. ലബോറട്ടറികൾ ആധുനികവൽക്കരിക്കുക.

# ഭൗതിക നേട്ടങ്ങൾ

കെട്ടുറപ്പുള്ള കെട്ടിടവും വിശാലമായ ക്ലാസ് മുറികളും ഈ സ്കൂളിന്റെ പ്രത്യേകതയാണ്. ഹൈസ്കൂൾ ക്ലാസുകൾ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട് . ശിശു സൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിനായി ഹരിതാഭമായ തണൽ വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും സ്കൂൾ അങ്കണത്തിൽ ഉണ്ട്. കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിശാലമായ കളിസ്ഥലം, ഓപ്പൺ എയർ സ്റ്റേജ് എന്നിവ നിലവിലുണ്ട്. വിദ്യാർത്ഥികളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ലൈബ്രറി പ്രവർത്തിച്ച് വരുന്നു.

മതിയായ സൗകര്യങ്ങളോടുകൂടിയ ശൗചാലയം, മഴവെള്ള സംഭരണി എന്നിവയുണ്ട്.

# പരിമിതികൾ

ലൈബ്രറിയിൽ പുസ്തകങ്ങൾ നിരവധി ഉണ്ടെങ്കിലും അവ ആകർഷകമായി ക്രമീകരിക്കാനുള്ള സൗകര്യം ഒരുക്കേണ്ടതായിട്ടുണ്ട്. ലൈബ്രറിയോട് അനുബന്ധമായി റീഡിങ് റൂം സൗകര്യം വിശാലമാക്കേണ്ടതുണ്ട്. വായുവും വെളിച്ചവും സൗകര്യവും ഉള്ള പാചകശാല ഉണ്ടെങ്കിലും അതിനോട് അനുബന്ധമായി ഒരു ഭോജനശാല കൂടി ക്രമീകരിക്കേണ്ടതുണ്ട്. സ്പോർട്സ് റൂം, ഗൈഡിങ് റൂം, എന്നിവ നവീകരിക്കേണ്ടത് ആയിട്ടുണ്ട്. മാലിന്യ സംസ്കരണ പ്ലാന്റ്, സ്കൂളിന് ചുറ്റുമുള്ള ചുറ്റുമതിൽ എന്നിവ അത്യന്താപേക്ഷിതമാണ്. വേനൽക്കാലത്ത് ജല ദൗർലഭ്യം നേരിടാറുണ്ട്. അതുപോലെ സാമ്പത്തിക വെല്ലുവിളികളും നേരിടേണ്ടി വരുന്നുണ്ട്.പെൺകുട്ടികൾ മാത്രമായതിനാൽ അവരുടെ പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ഉതകുന്ന ആധുനിക സൗകര്യമുള്ള ശൗചാലയങ്ങൾ പണിയണം.

# സാമൂഹികം

## നേട്ടങ്ങൾ

മധ്യതിരുവിതാംകൂറിലെ ഗ്രാമ നഗരഭേദമെന്യേ പൊതുജനങ്ങളുമായി കലാകായിക മത സംഘടനകളും ആയി ബന്ധിപ്പിക്കുന്ന ഒരു സുപ്രധാന കണ്ണിയാണ് സെന്റ് ആൻസ് ബാൻഡ്

സ്കൂളിലെളിലെ നല്ലപാഠം ക്ലബ്ബ് ജെ ആർ സി ലിറ്റിൽ കൈറ്റ്സ് എന്നീ സംഘടനകളുടെ പ്രവർത്തനം സ്കൂളിനെ സമൂഹവുമായി ബന്ധിപ്പിക്കുന്നു

ഈ അധ്യായന വർഷത്തിന്റെ ആരംഭത്തിൽ സന്മാർഗ പഠന ക്ലാസുകൾ നയിക്കുന്നതിനായി സമൂഹത്തിന്റെ വിവിധ മേഖലകളിലെ വിദഗ്ധരായ വ്യക്തികളെ നിയോഗിക്കുന്നതിനും തീരുമാനിച്ചു.കഴിഞ്ഞ അധ്യയനവർഷത്തിൽ പഠനോത്സവം കേളികൊട്ട് എന്ന പേരിൽ ചെങ്ങന്നൂർ നഗരസഭ കോംപ്ലക്സിൽ വിളംബര ജാഥയോടു കൂടി പൊതുജനമധ്യത്തിൽ വിദ്യാർത്ഥികൾ കലാപരിപാടികൾ അവതരിപ്പിച്ചു.

## പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തനങ്ങൾ എങ്കിലും ഏറ്റെടുക്കാനുള്ള പരിമിതിയുണ്ട്.

ഒരുപിടി നന്മ, ഓണ ചങ്ങാതി എന്നീ സന്നദ്ധ പ്രവർത്തനങ്ങളിലും ഈ സ്കൂളിലെ വിദ്യാർഥികൾ മികച്ച രീതിയിൽ പങ്കെടുക്കുന്നുണ്ട്.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഇംഗ്ലീഷ് പഠനം പ്രോത്സാഹിപ്പിക്കൽ
3. വായനശേഷി വികസനം
4. ശാസ്ത്ര അഭിരുചി വികസനം
5. ഗണിതശേഷി വികസനം
6. സയൻസ്,മാത്സ്,സോഷ്യൽ,സയൻസ് ലബോറട്ടറികളുടെ നവീകരണം
7. കയ്യെഴുത്ത് മാസിക നിർമ്മാണം
8. സ്കൂൾ അധ്യാപക ശാക്തീകരണം
9. പ്രവർത്തി പരിചയ പരിശീലനം
10. ക്ലാസ് പിടിഎ ശാക്തീകരണം
11. കലാപരിപോഷണം
12. വരയരങ്ങ് ശില്പശാല
13. സ്കൂൾ വിക്കി കാര്യക്ഷമമാക്കൽ
14. ശാസ്ത്ര ഗണിതശാസ്ത്ര സോഷ്യൽ സയൻസ് ഐടി
15. പ്രവർത്തി പരിചയമേളകൾ
16. കംഫു യോഗ പരിശീലനം
17. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് മോക് പാർലമെന്റ് തെരഞ്ഞെടുപ്പ്
18. ദിനാചരണങ്ങൾ
19. കായികശേഷി വികസനം
20. സ്കൂൾ മാസിക

21.സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ലക്ഷ്യമാക്കി സന്മാർഗ പഠന ക്ലാസുകൾ

22.ശാസ്ത്ര സാങ്കേതിക വിദ്യയുടെ കാര്യക്ഷമമായ ഉപയോഗം

23.ക്ലാസ് പിടിഎ ശാക്തീകരണം

24.റോബോട്ടിക് ഫെസ്റ്റ്

# വിഷയമേഖലാ പ്രവർത്തനങ്ങൾ

പ്രവർത്തനം : 1

പേര് : നാടകക്കളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റുന്നു. | പരിചയപ്പെട്ടിട്ടുള്ള നോവലുകൾ/ചെറുകഥകൾ എന്നവയുടെ നാടകാവിഷ്കരണം | പ്രതിമാസ പരിപാടി | ആർട്ട്സ് ക്ലബ്, ഭാഷാധ്യാപിക |

പ്രവർത്തനം : 2

പേര് : കവിയരങ്ങ്

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കവിതകളിലെ വൈവിധ്യം തിരിച്ചറിയുന്നു. | സമാധതാളത്തിലുള്ള കവിതകൾ കണ്ടെത്തി കവിത അരങ്ങുകളിൽ ചൊല്ലി അവതരിപ്പിക്കുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | ആർട്ട്സ് ക്ലബ്, ഭാഷാധ്യാപിക |

പ്രവർത്തനം : 3

പേര് : പാവനാടക പരിശീലന ശില്പശാല

ഉപമേഖല : സർഗ്ഗാത്മക വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും അവതരണവും | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി |

പ്രവർത്തനം : 4

പേര് : രചനാ ശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവധശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്, കവിയരങ്ങ് എന്നിവ സംഘടിപ്പിക്കൽ, ക്ലാസ്സ് മുറികളിലെ പഠന സാമഗ്രിയായി മേൽപറഞ്ഞ ഉൽപന്നങ്ങൾ ഉപയോഗിക്കൽ. | രണ്ട് മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി |

പ്രവർത്തനം : 5
പേര് : ബ്ലോഗ് നിറയിക്കൽ യജ്ഞം
ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| രചനകൾ നവമാദ്ധ്യങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | മൂന്ന് മാസം കൂടുമ്പോൾ | വിദ്യാരംഗം കലാസാഹിത്യ വേദി, എസ്.ഐ.റ്റി.സി |

പ്രവർത്തനം : 6
പേര് : സർഗ്ഗസല്ലാപം/സെമിനാറുകൾ
ഉപമേഖല : ഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം & പി.ടി.എ |

പ്രവർത്തനം : 7
പേര് : ദിനാചരണങ്ങൾ
ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്. ആർ. ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.എസ്.ജി |

പ്രവർത്തനം : 8
പേര് : ഗ്രന്ഥശാലാ ശാക്തീകരണം
ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം. പി.റ്റി.എ ലൈബ്രേറിയൻ |

പ്രവർത്തനം : 9
പേര് : ജന്മദിനത്തിനൊരു പുസ്തകം
ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ ക്ലാസ്സ് ലീഡർ |

പ്രവർത്തനം : 9
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനു സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ ഇംഗ്ലീഷ് ടീച്ചർ | - |

പ്രവർത്തനം : 10
പേര് : ഇംഗ്ലീഷ് ഡയറി
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഡയറിയിൽ എഴുതുക. | | | |

പ്രവർത്തനം : 11
പേര് : പദപ്രശ്ന നിർമ്മാണം
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തത്സമയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുമ്പോൾ മറ്റൊരാൾ ഇംഗ്ലീഷ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നു. | | | |

പ്രവർത്തനം : 12

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലൂടെയുള്ള പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | - |

പ്രവർത്തനം : 13

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികൾ ഇംഗ്ലീഷ് ലൈബ്രററി തയ്യാറാക്കുക. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ് | - |

പ്രവർത്തനം : 14

പേര് : ഇംഗ്ലീഷ് തിയറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കൽ. | ഇംഗ്ലീഷ് പാഠപുസ്തകത്തിലെ ഭാഗങ്ങൾ സ്കിറ്റ്, സംഭാഷണം, നാടകം, എന്നീ രൂപങ്ങളിൽ അവതരിപ്പിക്കുന്നു. | പ്രതിമാസ പരിപാടി | എച്ച്.എം. ഇംഗ്ലീഷ് അധ്യാപകർ | - |

പ്രവർത്തനം : 18

പേര് : രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ

മേഖല/ ഉപമേഖല : അക്കാദമികം/ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, കഥാവായന, കഥാരചന, എഡിറ്റിംഗ്, വിദ്യാർത്ഥികൾക്ക് ക്യാമ്പ് | മാസത്തിൽ ഒന്നു വീതം | ഹിന്ദി ക്ലബ് | 5000/- (എസ്.എസ്.ജി) |

പ്രവർത്തനം : 19

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | അഭിനയ പരിശീലനം, സ്ക്രിപ്റ്റ് റൈറ്റിംഗ്, എഡിറ്റിംഗ്, ഡോക്യുമെന്റേഷൻ, ഐ.റ്റി. സാധ്യത ഉപയോഗിച്ച്. | അവധി ദിവസങ്ങളിൽ | ആർട്ട്സ് ക്ലബ്/ കലാ അദ്ധ്യാപകൻ | 20,0000/- (സി.എസ്.ആർ ഫണ്ട്) |

പ്രവർത്തനം : 20

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പ്രാവിണ്യം നേടൽ | വാർത്തകൾ കേൾക്കാനുള്ള അവസരം ഹിന്ദി ലേഖകരുമായുള്ള വീഡിയോ കോൺഫറൻസ് ഹിന്ദി കവിതകൾ, ഓഡിയോ കേൾക്കാനുള്ള അവസരം. | അവധി ദിവസങ്ങളിൽ ഉച്ച സമയങ്ങളിൽ | എസ്.ആർ.ജി | |

പ്രവർത്തനം : 21
പേര് : ഇംഗ്ലീഷ് ചാറ്റിംഗ്
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി നേടൽ | വിദേശരാജ്യങ്ങളിൽ സമാനക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായി സ്കൈപ്പ് മുഖേന ഇംഗ്ലീഷിൽ ആശയവിനിമയം. | മാസത്തിൽ ഒന്നു വീതം | ക്ലാസ് ടീച്ചർ | - |

പ്രവർത്തനം : 22
പേര് : ഗ്രാമർ സ്കൂൾ
ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടാൻ | ലളിതമായ മലയാള സാഹിത്യകൃതികൾ ശുദ്ധ വ്യാകരണത്തോടെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുന്നു.<br>അവധി ദിവസങ്ങളിൽ വ്യാകരണ ക്ലാസ്സ് സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടു പുസ്തകം<br><br>പ്രതിവർഷം 10 ദിവസം | ക്ലാസ് ടീച്ചർ | - |

പ്രവർത്തനം : 23
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ
ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ. | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ.<br><br>Eg : സ്വാതന്ത്ര്യദിനം, ഓണം, ക്രിസ്തുമസ് | പ്രതിമാസ പരിപാടി | എച്ച്.എം. ഇംഗ്ലീഷ് അധ്യാപകൻ | - |

പ്രവർത്തനം : 24
പേര് : ശാസ്ത്രപരീക്ഷണങ്ങൾ
ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക. | ശാസ്ത്രങ്ങൾ എളുപ്പം മനസ്സിലാക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുക. | മാസത്തിൽ ഒന്നു വീതം | സയൻസ് ക്ലബ് | - |

പ്രവർത്തനം : 25
പേര് : വർക്ക് ഷീറ്റ് നിർമ്മിക്കൽ
ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര തത്വങ്ങൾ ഫലപ്രദമായി ഉപയോഗിക്കുക. | പഠിച്ച തത്വങ്ങൾക്കനുസൃതമായ ചോദ്യാവലികൾ, പട്ടിക പൂർത്തീകരിക്കൽ, ചിത്രവിശകലനം. | മാസത്തിൽ ഒരു പ്രവാശ്യം | സയൻസ് ക്ലബ് | - |

പ്രവർത്തനം : 26
പേര് : ശാസ്ത്ര യാത്രകൾ
ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കാൻ | ISRO, കുസാറ്റ്, ശാസ്ത്ര പ്രദർശനങ്ങൾ, പ്ലാനിറ്റോറിയം തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ. | വർഷത്തിൽ 2 യാത്ര | സയൻസ് ക്ലബ് പി.റ്റി.എ | - |

പ്രവർത്തനം : 27
പേര് : മേളകൾ
ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രവർത്തനമാണെന്ന് മനസ്സിലാക്കുക. | സ്കൂൾതല ശാസ്ത്ര മേളയിൽ കുട്ടികളുടെ പങ്കാളിത്വം ഉറപ്പാക്കുക. ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് പി.റ്റി.എ | പി.റ്റി.എ |

പ്രവർത്തനം : 28
പേര് : ഔഷധസസ്യത്തോട്ടം നിർമ്മിക്കൽ
ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഔഷധസസ്യങ്ങളെ തിരിച്ചറിയുക. | വിവിധ ഔഷധസസ്യങ്ങളെ കണ്ടെത്തി ശേഖരിച്ച്, നട്ട് പരിപാലിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | എക്കോ ക്ലബ് | - |

പ്രവർത്തനം : 29
പേര് : ലബോറട്ടറി മെച്ചപ്പെടുത്തൽ
ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും പരീക്ഷണം ചെയ്യാനുള്ള സൗകര്യം ഒരുക്കുകയും പരീക്ഷണപാടവം മെച്ചപ്പെടുത്തുക. | കൂടുതൽ ഉപകരണങ്ങൾ സജ്ജമാക്കുക. | - | സയൻസ് അധ്യാപകൻ പി.ടി.എ എച്ച്.എം | - |

പ്രവർത്തനം : 30
പേര് : ശാസ്ത്രക്ലബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രാവബോധം ഉളവാക്കുക. | ക്വിസ്, സെമിനാറുകൾ, പ്രോജക്റ്റുകൾ, ദിനാചരണങ്ങൾ, ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | മാസത്തിൽ രണ്ട് പ്രാവശ്യം | സയൻസ് ക്ലബ് | - |

പ്രവർത്തനം : 31
പേര് : പ്രതിഭാ പോഷണ പരിപാടി
ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ. | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക. | മാസത്തിൽ 1 | എസ്.ആർ.ജി എസ്.എസ്.ജി | - |

പ്രവർത്തനം : 32
പേര് : സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ
മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കൽ. | അധികവിലയ്ക്ക് ഉപകരിക്കുന്ന പ്രാദേശിക ചരിത്ര രചനകൾ, മുൻകാല പാഠപുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർബുക്കുകൾ, ഭൂപടങ്ങൾ എന്നീ ക്രമീകരിച്ച് വായന കോർണർ ഒരുക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | 4000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം : 33
പേര് : പഠനയാത്രകൾ
മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നേരനുഭവം ലഭിക്കുന്നതിന് അനുയോജ്യമായ പഠന തന്ത്രം. | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ. | വർഷത്തിൽ മൂന്ന് | എസ്.ആർ.ജി | സ്പോൺസർഷിപ്പ് |

പ്രവർത്തനം : 34
പേര് : സാമൂഹ്യശാസ്ത്ര ലാബ്
മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം, വിവരശേഖരണം, വിശകലനം, നിഗമനം രൂപപ്പെടുത്തൽ. | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ് | പി.റ്റി.എ |

പ്രവർത്തനം : 35
പേര് : ബുള്ളറ്റിൻ ബോർഡ്
മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരന്തരമായ ശേഖരണത്തിന്റെയും ഡോക്യുമെന്റേഷന്റെയും ശീലം വളർത്തിയെടുക്കൽ. | വിദ്യാലയത്തിലെ മുഴുവൻ ക്ലാസ്സുകളിലും വായിക്കുവാനും സൗകര്യപ്രദമായ സ്ഥലത്ത് ക്രമീകരിക്കുകയും, എല്ലാ ദിവസത്തെയും പാഠഭാഗവുമായി ബന്ധപ്പെട്ട വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ് | പി.റ്റി.എ |

പ്രവർത്തനം : 36
പേര് : മോക്ക് പാർലമെന്റ്
മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വൊട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ, ഇതിന്റെ നേതൃത്വത്തിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ. | 1-ാം ടേം<br>2-ാം ടേം<br>3-ാം ടേം | സാമൂഹ്യ ശാസ്ത്ര ക്ലബ് | പി.റ്റി.എ |

പ്രവർത്തനം : 37
പേര് : ചരിത്ര കലണ്ടർ
മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ | 12 വലിയ ചാർട്ടുപേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള 12 മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തീയതിക്കു താഴെ ഒട്ടിക്കുക. ഓരോ വർഷം കഴിയുമ്പോൾ ചരിത്രകലണ്ടർ രൂപപ്പെടും. | പ്രതിദിനം | എസ്.ആർ.ജി | |

പ്രവർത്തനം : 38
പേര് : ഡിബേറ്റ് ക്ലബ്
മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗത്തുവരുന്ന വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക. | സമകാലിക പ്രസക്തിയുള്ള സാമൂഹ്യക ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ. | മാസത്തിൽ ഒന്നു വീതം | എസ്.ആർ.ജി | |

പ്രവർത്തനം : 39
പേര് : ആൽബം തയ്യാറാക്കൽ
മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാര്യക്ഷമമായ സാമൂഹ്യ ശാസ്ത്രപഠനത്തിന് നിരന്തരമായ ശേഖരണ പ്രവർത്തനങ്ങൾ. | വിവിധ സാമൂഹ്യ ശാസ്ത്ര മേഖലകളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിക്കൽ. | വർഷത്തിൽ ഒരിക്കൽ | എസ്. ആർ.ജി | |

പ്രവർത്തനം : 40
പേര് : ഭൂപട വിശകലനം
മേഖല/ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭൂമിശാസ്ത്രവും ചരിത്രവുമായി ബന്ധപ്പെട്ട ആശയ രൂപീകരണത്തിന്. | പാഠഭാഗങ്ങളിലെ ഭൂപടങ്ങൾ, ചുമർഭൂപടങ്ങൾ, അറ്റ്ലസ് എന്നിവ ഉപയോഗിച്ച് ഓരോ കുട്ടിയ്ക്കും ഭൂപട നിരീക്ഷണത്തിന് അവസരം ഉറപ്പുവരുത്തുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | എസ്. ആർ.ജി | |

## ഗണിതം

പ്രവർത്തനം : 41
പേര് : ഗണിതശേഷി വികസനം
മേഖല/ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ചെയ്യാനുള്ള ശേഷി വികസിപ്പിക്കുക. | ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന വർക്ക് ഷീറ്റ്. | ആഴ്ചയിൽ രണ്ട് ദിവസം | ഗണിതാധ്യാപിക | |

പ്രവർത്തനം : 42
പേര് : ഗണിതമൂല
മേഖല/ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് മുറിയിൽ ഗണിതാന്തരീക്ഷമൊരുക്കൽ | ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട Teaching aids (Charts, Shapes, beads, matchstide etc.) | ആവശ്യാനുസരണം | ഗണിതാധ്യാപിക, ഗ്രൂപ്പ് ലീഡേഴ്സ് | - |

പ്രവർത്തനം : 43
പേര് : ഗണിതലാബ്
മേഖല/ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിതലാബ് സജ്ജമാക്കൽ. ലാബിൽവച്ച് ഗണിതക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത ക്ലബ് | - |

പ്രവർത്തനം : 44
പേര് : ഗണിതോത്സവം
മേഖല/ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതനൈപുണി വളർത്തൽ | ഗണിതവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം. | ഒരു പ്രാവശ്യം | ഗണിത ക്ലബ് | - |

പ്രവർത്തനം : 45
പേര് : ഗണിതമാഗസിൻ
മേഖല/ഉപമേഖല : അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിതവുമായി ബന്ധപ്പെട്ട എല്ലാ രചനകളും. (കഥ, പാട്ട്, കവിത, കാർട്ടൂൺ) | ഒരു പ്രാവശ്യം | ക്ലാസ് തലം | - |

പ്രവർത്തനം : 46
പേര് : കായിക പരിശീലനം
മേഖല/ഉപമേഖല : അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായികപരിശീലനം കാര്യക്ഷമമാക്കൽ. | രാവിലെയും വൈകുന്നേരവും കായിക പരിശീലനം കുട്ടികൾക്ക് നൽകൽ. | ആഴ്ചയിൽ 5 ദിവസവും ചില സമയങ്ങളിൽ അവധി ദിവസവും | പി.ടി.എ കായിക അദ്ധ്യാപിക | |

പ്രവർത്തനം : 47
പേര് : കായിക പരിശീലനം
മേഖല/ഉപമേഖല : അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യകരമായ ജീവിത ശൈലി | കായികവേളകളിൽ വിവിധതരം കളികളിൽ ഏർപ്പെടുന്നതിലൂടെ ജീവിതനൈപുണികൾ ആർജ്ജിച്ചുകൊണ്ട് സാമൂഹ്യ മൂല്യങ്ങൾ നേടാൻ സഹായിക്കുന്നു. | കായിക ക്ലാസ്സുകൾ | കായിക അദ്ധ്യാപിക | |

പ്രവർത്തനം : 48
പേര് : കായിക പരിശീലനം
മേഖല/ഉപമേഖല : അക്കാദമികം/കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതിയും സ്പോർട്സും | സ്പോർട്സ് ക്ലബുകൾ രൂപീകരിക്കുക, വിവിധ തലത്തിലുള്ള മത്സരങ്ങൾ, ഹൗസ് തിരിക്കൽ | അക്കാദമിക്ക് കാലയളവിൽ | കായിക അദ്ധ്യാപിക | |

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹിത്തൽ - എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടാൻ കഴിയുന്നു.

## മോണിറ്ററിംഗ്

- ദൈനംദിന മോണിറ്ററിംഗ് H.M, SRG Convenor, PTA President എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.
- സോഷ്യൽ മോണിറ്ററിംഗ് നടപ്പിലാക്കുന്നു.

## സ്രോതസ്സുകൾ

രക്ഷകർത്താക്കൾ, പൂർവ്വവിദ്യാർത്ഥികൾ, അഭ്യുദയകാംഷികൾ, സാംസ്കാരിക കലാ-പരിപാടി.

## 10. ഉപസംഹാരം

വിദ്യാഭ്യാസ ലക്ഷ്യ പൂർത്തീകരണത്തിനായി ആരംഭം മുതൽ ഇന്നേവരെ ഏറ്റെടുത്തതും നിർമ്മിച്ചതുമായ പ്രവർത്തനങ്ങൾ പ്രതീക്ഷിച്ച ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിച്ചു. തുടർന്നും ആവിഷ്ക്കരിക്കപ്പെട്ട പ്രവർത്തനങ്ങൾ സഫലമാക്കുന്നതിന് സർവ്വോത്മനാ ശ്രമിക്കുന്നതാണ്. നല്ല വ്യക്തിത്വമുള്ള സമൂഹത്തിൽ മുതൽക്കൂട്ടായ നാളയെ വാർത്തെടുക്കാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് ഞങ്ങൾ ആഗ്രഹിക്കുന്നു.